കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കല്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം. 10/2043/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം
തിയ്യതി: 01-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.
mac.11/17

നം. കെ.എസ്.എ.എം.പി.എം.10/2043/2017 തിയ്യതി: 01-11-2017

# മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-11-2016 മുതൽ18 -8-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 04 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ്.ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.08.2017 മുതൽ 31.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് ) |
| | | ശ്രീ.മുഹമ്മദ് സിയാദ് പി.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. സിന്ധു ഐ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.മൊയ്തീൻകുട്ടി.എൻ | 1.4.2016 മുതൽ 31.3.2017വരെ |

നിർവഹണോദ്യോഗസ്ഥർ

| | | | |
|---|---|---|---|
| സെക്രട്ടറി | : | ശ്രീ അബ്ദുൽസത്താർ | 1.4.2016മുതൽ 17.8.2016 വരെ |
| | | ശ്രീ.ജി.വി.വിനോദ് കുമാർ (ഇൻ ചാർജ് ) | 18.8.16 മുതൽ 27.12.2016 വരെ |
| | | ശ്രീ.എസ്.സുരേഷ് ബാബു | 28.12.2016 മുതൽ 22.3.2017വരെ |
| | | ശ്രീമതി പ്രീതി കെ.എം (ഇൻ ചാർജ്) | 23.3.2017 മുതൽ 31.3.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ഗ്രേഷ്യസ്. എം.ജോൺ | 1.4.2016മുതൽ 16.02.2017വരെ |
| | | നന്ദിത എം.ടി. | 17.02.2017 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | | ഡോ. അനു ജി. | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | | ഡോ: ബബിത മുഹമ്മദ് | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ:നൗഫൽ പി | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ: ബിന്ദു | 1.4.2016മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | | ശ്രീ. രമേഷ് കുമാർ | 1.4.2016മുതൽ 31.3.2017വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീമതി സുഷ കെ.എസ് | 1.4.2016മുതൽ 31.3.2017വരെ |
| വി.ഇ.ഒ | | ശ്രീ.സോമൻ പി.ബി | 1.4.2016മുതൽ 21.11.2016വരെ |
| | | ശ്രീമതി അംബിക | 22.11.2016 മുതൽ 31.3.2017വരെ |
| ICDS സൂപ്പർവൈസർ | | ശ്രീമതി. ബീന പാരോൾ | 1.4.2016മുതൽ 31.3.2017വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 12 | തൊഴിൽ നികുതി:അപാകതകൾ | 2-2 |
| 13 | റേഷൻ കടകൾക്ക് ലൈസൻസും തൊഴിൽ നികുതിയും ഇല്ല | 2-3 |
| 14 | പരസ്യ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| | ഭാഗം 3 | |
| 15 | സെക്രട്ടറി ചെലവു നടത്തിയതിലെ അപാകതകൾ | 3-1 |
| 16 | കന്നുകുട്ടി പരിപാലന പരിപാടി - സമയപരിധിക്കകം പൂർത്തിയാക്കൽ | 3-2 |
| 17 | അലോപ്പതി മരുന്ന് മുഴുവനായും ലഭ്യമായില്ല | 3-3 |
| 18 | ആയുർവേദ മരുന്നുകൾ ലഭ്യമായില്ല | 3-4 |
| 19 | ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല | 3-5 |
| 20 | പദ്ധതി പൂർണമായും ലക്ഷ്യം കൈവരിച്ചില്ല | 3-6 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പോരായ്മകൾ | 3-7 |
| 22 | വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 3-8 |
| 23 | ആശ്രയ പദ്ധതി- അഗതികളുടെ പുനരധിവാസം ഫലപ്രദമായില്ല | 3-9 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 17.7.2017 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 29.8.2017, | ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1).അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ , മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3)അക്രുവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി

ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) വസ്തു നികുതി ഡിമാന്റ്, കുടിശിക ഡിമാന്റ്, കളക്ഷൻ കുടിശിക കളകഷൻ തുടങ്ങിയവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല .

5)ഷെഡ്യൂൾ B-14 പ്രകാരം 32235 രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്. എന്നാൽ സ്റ്റോക്ക് റിപ്പോർട്ട്

തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
6. സംരക്ഷണ ഗ്രാന്റ് റോഡ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, എന്നീ ഫണ്ടിനങ്ങൾ എ.സി.ആർ. പ്രകാരമുള്ള വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18911121 |
| വരവ് | 43267669 |
| ആകെ | 62,178790 |
| ചെലവ് | 37786659 |
| നീക്കിയിരിപ്പ് | 24392131 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവു തുക | ആകെ | ചെലവ് | നിക്കിയിരിപ്പ്/ സർക്കാർ പിൻവലിച്ചത് | ചെലവ് ശതമാനം | നീക്കിയിരപ്പ് RP-40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 0 | 11625520 | 11625520 | 8491779 | 3133741 | 73 | 0 |
| വികസന ഫണ്ട് (എസ്. സി. പി.) | 0 | 495042 | 495042 | 462422 | 32620 | 93 | 0 |
| വികസന ഫണ്ട് (ടി.എസ്. പി.) | 0 | 5604 | 5604 | 0 | 5604 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9863331 | 9863331 | 4043085 | 5820246 | 41 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3234186 | 3234186 | 1920161 | 1314025 | 59 | 0 |
| ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6520621 | 6520621 | 6220893 | 299728 | 95 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 379558 | 379558 | 0 | 379558 | 0 | 0 |
| ബി.ഫണ്ട് | 0 | 32474355 | - | 32474355 | 0 | 100 | 0 |
| എ.എൻ.ആർ.ഇ..ജി.എസ്. | 350 | 4954051 | 4954401 | 4952090 | 0 | 99.95 | 2311 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 50319728 | 104 | 29179181 | 2 | 65 | 60.81 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിവരവുകൾ | 3607434 | 6153510 | 2546076 | 71% |
| നികുതിയേതരവരവുകൾ | 852929 | 707756 | 145173 | 17% |
| മറ്റു വരവുകൾ(ബാങ്ക് പലിശ,ഇ.എം.ഡി ഉൾപെടെ ) | 222326 | 385859 | 163533 | 73.5% |

| | | | | |
|---|---|---|---|---|
| ആകെ | 4682689 | 7247125 | 2564436 | 55% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9000 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 128710 | 34 |
| വിധവാപെൻഷൻ | 9836830 | 2252 |
| വാർദ്ധക്യകാലപെൻഷൻ | 19229855 | 4238 |
| വികലാംഗപെൻഷൻ | 3209960 | 797 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 9737 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/08/2017 | ജൂലൈ 2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11.2012 | 2007-08 to 2011-12 | 16.2.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ബന്ധപ്പെട്ട റജിസ്റ്ററിലും രേഖകളിലും സ്ഥലം മാറിപ്പോയതിന്റെയോ വിരമിച്ചതിന്റെയോ, വിശദാംശം രേഖപ്പെടുത്തിയിട്ടുമില്ല .

| ക്രമനം. | ജീവനക്കാരൻെറ പേര് | തസ്തിക | സ്ഥാപനത്തി ൻെറ പേര് |
|---|---|---|---|
| 1 | നജീബ.പി | UPSA | M.S.M.H.S.S കല്ലിങ്ങപറമ്പ് |
| 2 | വിജുമോൻ.എൻ.പി | UPSA | “ |
| 3 | ശ്രീലത | H.S.A | “ |
| 4 | കുഞ്ഞീതു.എ.പി | “ | G.V.H.S.Sകല്പകഞ്ചേരി |
| 5 | പോൾ.കെ.പി | “ | “ |
| 6 | അബ്ദുൾ ഷുക്കൂർ.എം. | “ | “ |
| 7 | അജയകുമാർ.വി.കെ | U.P.S.A | “ |
| 8 | അബ്ദുൽഖാദർ | ക്ളർക്ക് | “ |
| 9 | സരിത.കെ.കെ | H.S.A | “ |
| 10 | ഹരിഹരദത്തൻ.എൻ | U.P.S.A | “ |
| 11 | സൂര്യചന്ദ്രൻ | ഓവർസിയർ | K.S.E.Bകടുങ്ങാത്തുകുണ്ട് |
| 12 | സുകുമാരൻ.സി.പി | “ | “” |
| 13 | സുരേഷ് കുമാർ | “ | “” |
| 14 | കൃഷ്ണകുമാർ | ലൈൻമാൻ | “” |
| 15 | ഷിബു.സി | “ | “ |
| 16 | ഷിബു.എം. | “ | “ |
| 17 | അബ്ദുൽ ഹമീദ്.സി | L.P.S.A | G.M.LP.Sപാറപ്പുറം |
| 18 | അനുരാജ്.ഇ.പി | കൃഷി അസിസ്ററൻറ് | കൃഷിഭവൻ,കല്പകഞ്ചേരി |
| 19 | പ്രവീൺകുമാർ.പി.എൻ | പ്രിൻസിപ്പാൾ | G.V.H.S.Sകല്പകഞ്ചേരി |

ഇതു സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറി നം.13/ 31.8.2017 ന മറുപടി ലഭ്യമാക്കിയിട്ടില്ല. തുക പിഴ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി:അപാകതകൾ

1.പഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

i) കോട്ടക്കൽ കോ-ഓപ്പറേററീവ് അർബൻ ബാങ്ക്, കടുങ്ങാത്തുകുണ്ട്. -ഒന്നാം അർധ വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ii)ബിനുവബിൾ വേൾഡ് സ്കൂൾ-ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറി നം.1/24.8.2017 ന തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്

## 2-3 റേഷൻ കടകൾക്ക് ലൈസൻസ് നൽകിയില്ല - തൊഴിൽ നികുതിയും ഈടാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് എൻക്വയറി(നം.8/30.8.2017)നല്കിയതിനു മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാനും വരുമാനത്തിന്നാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കിയിട്ടില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്- 209 പ്രകാരം, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പരസ്യം പ്രദർശിപ്പിക്കുന്നതിന്, അംഗീകരിച്ച ബൈലോ പ്രകാരമുള്ള നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ നിഷ്കർശിച്ചിട്ടുണ്ട്. പാതയോരങ്ങളിലെ അനധികൃത പരസ്യങ്ങൾ നിയന്ത്രിക്കാമെന്നതിനാലും തനതു വരുമാനം വർദ്ധിപ്പിക്കാമെന്നതിനാലും, നിയമപ്രകാരമുള്ള ബൈലോ തയാറാക്കാനും പരസ്യ നികുതി ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.10/30.8.2017ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1. സെക്രട്ടറി ചെലവു നടത്തിയതിലെ അപാകതകൾ

2016-17 വർഷം സെക്രട്ടറി ചെലവുനടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമനം. | വൗച്ചർനം/ ബിൽനം.തീയതി | തുക | വിഷയം | അപാകത |
|---|---|---|---|---|
| 1 | 2160025/2.4.2016<br>ഡി.ഡി നം.191866/ 02.4.2016 | 5250/- | പത്രോസ് പടി കുടിവെള്ളപദ്ധതി കുഴൽകിണർ വൃത്തിയാക്കൽ | വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല |
| 2. | 21600390/ 28.9.2016<br>ചെക്ക്നം.1934607/ 28.9.2016 | 5000/- | കർഷകദിനം2016 ആചരണം | ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 3. | 21600566/15.12.2016<br>ഡി.ഡിനം.464059/ 15.12.2016 | 9,00,000/- | എസ്.എസ്.എ വിഹിതം നല്കൽ | രശീതി, വിനിയോഗ സാക്ഷ്യപത്രം കൈപറ്റ്<br>എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 4. | 21600397<br>/28.9.2016 | 31,864/- | ഗ്രാമലക്ഷ്മിയിൽ നിന്ന് ഫോറങ്ങളും രജിസ്ററുകളും വാങ്ങിയത് | സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 5. | 21600518<br>/18.11.2016 | 1000/- | പോസ്ററൽ സ്ററാമ്പ് വാങ്ങിയത് | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല. |
| 6. | 1.21600171<br>/15.6.2016.<br>ii)21600183<br>/23.6.2016 | 3,61,500/-<br>67,500/<br>------------<br>429000<br>(ചെക്ക്നം. 5465252/ 15.6.2016<br>5465254/ 23.6.2016 | കുടിവെള്ളവിതരണം-മുഹമ്മദ് റിയാസ്.കെ.യ്ക്ക് നല്കിയതുക | നിശ്ചിത നിരക്കിൽ ആദായനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. |
| 7. | 21600615/ 06.01.2017 | 39,068/- (ഡി.ഡി നം).464438/ 05.01.2017 | ഐ.കെ.എമ്മിന് വിഹിതം നല്കൽ | കൈപ്പററ് രശീതി ഇല്ല. |
| 8. | 21600756/ 03.03.2017 | 50,250/- | സ്കൂൾവിദ്യാർത്ഥികൾക്ക് സാനിററി നാപ്കിൻ(ഷീപാഡ്) | പ്രോജക്ററ്നം.s00149/17 പ്രകാരം കേരളസംസ്ഥാന വനിത വികസന കോർപ്പറേഷനിൽനിന്നും കൈപ്പററ് രശീതി,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 9. | 21600757/03.03.2017 | 9,286/- | സാനിററി നാപ്കിൻ സൂക്ഷിക്കുന്നതിനുള്ള അലമാര വാങ്ങൽ | പ്രോജക്ററ്നം.S00153/17 പ്രകാരം കേരളസംസ്ഥാന വനിത വികസന കോർപ്പറേഷനിൽനിന്നും കൈപ്പററ് രശീതി,വിനിയോഗസാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 10. | i)21600758/03.03.2017<br>ii)21600931/31.3.2017 | 39008/-<br>19,000/- | പദ്ധതി രൂപീകരണം-നിർവ്വഹണം-ഫോറങ്ങൾ,നോട്ടീസ് എന്നിവ അച്ചടിച്ചതിന്റെ ചെലവ് | പ്രോജക്ററ്നം.s006/17 പ്രകാരം NATIONAL OFFSETന് നല്കിയതുകയുടെ<br>കൈപ്പറ്റ് രശീതി ഇല്ല. |

| | | | | |
|---|---|---|---|---|
| | | | വിവിധ ടെണ്ടറുകളുടെ പരസ്യചാർജ്ജ്ചന്ദ്രിക ദിനപ്പത്രത്തിന് നല്കിയത് | ----ടി--- |
| 11 | 21600810/15.3.2017 | 20,000 | പ്രൊ.നം .S0023/17<br>ഐ.എ.വൈ. വിഹിതം നല്കൽ | കൈപ്പററ് രശീതി,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 12 | 21600813/20.3.2017 | 3,24,000 | ശുചിത്വ മിഷനിൽ നിന്നു ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപെട്ട തുക തിരികെ അടവാക്കിയത് | കൈപ്പററ് രശീതി ഇല്ല |
| 13 | 21600831/23.3.2017 | 11,500 | ലീഗൽ ചാർജിനത്തിൽ അഡ്വ. കെ.പി സുധീറിനു നല്കിയത് | “” |
| 14 | 21600842/24.3.2017 | 1,06,308 | പ്രൊ.നം .S00176/17<br>സാമൂഹ്യ സുരക്ഷാമിഷനു സംഭാവന | കൈപ്പററ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| | ആകെ | 1990534 | | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് നല്കിയ ഓഡിററ് എൻക്വയറി നം.11/30.8.2017 ന്ന മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 1990534 തടസത്തിൽ വെക്കുന്നു.

## 3-2 വി.ഇ.ഒ. നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

വി.ഇ.ഒ നിർവഹണം നടത്തിയ താഴെ കാണുന്ന പദ്ധതികളിൽ അതാതിനു നേരെ കാണിച്ച അപാകതകൾ ഉണ്ട്

| പ്രൊജക്റ്റ് നമ്പർ/ പേര് | ബിൽനമ്പർ/ തീയതി | തുക | അപാകത |
|---|---|---|---|
| S0119/17,വീട്ടു പുനരുദ്ധാരണം- ജനറൽ<br>അടങ്കൽ 4ലക്ഷം(വികസനഫണ്ട്) | 1).6/16-17/21-03-17<br>2).9/16-17 /31-03-17 | 340000<br>(17*20000)<br>40000<br>(2*20000) | വീടിന്റെകാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം, ധനസഹായം വിതരണം ചെയ്ത രേഖ,എന്നിവ ഓഡിറ്റിനു ലഭ്യമായില്ല |
| S0120/17, വീട്ടു പുനരുദ്ധാരണം-വനിത<br>അടങ്കൽ 4ലക്ഷം(വികസനഫണ്ട്) | 1).7/16-17/30-03-17<br>2).10/16-17/31-03-17 | 180000<br>(9*20000)<br>120000(6*20000) | -ടി- |
| S0183/17, വീട്ടു നിർമാണം-ജനറൽ | 11/16-17 തി.30.03.2017 | 720000<br>(9*80000) | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് |

| | | | |
|---|---|---|---|
| അടങ്കൽ 18ലക്ഷം(വികസനഫണ്ട്) | | | തുക ക്രെഡിറ്റ് ചെയ്ത വിവരം ലഭ്യമായിട്ടില്ല |

അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിററ് എൻക്വയറി നം.14/31.8.2017 ന മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 14,00,000 തടസം ചെയ്യുന്നു.

## 3-3. അലോപ്പതി മരുന്ന് മുഴുവനായും ലഭ്യമായില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി കാരുണ്യ ഹോസ്പിറ്റൽ കമ്മ്യൂണിറ്റി ഫാർമസി, നിലമ്പൂർ എന്ന സ്ഥാപനത്തിനു താഴെ കൊടുത്തിട്ടുള്ള വിധം 260000/-രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റി നാളിത് വരെ മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | ബിൽനമ്പർ/ തീയതി | തുക | തുക കൈപ്പറ്റിയ വിവരം | റിമാർക്സ് |
|---|---|---|---|---|
| S0158/17,PHCയിലേക്ക് മരുന്ന് വാങ്ങൽ' | 4/16-17/ 10-03-2017 | 1,00,000 | രശീതി നം.532/10.3.17 | |
| S0045/17, കിടപ്പിലായ രോഗികൾക്ക് പരിചരണം | 3/16-17/10-03-17 | 1,60,000 | രശീതി നം.531/10.3.17 | 22544 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. |

മുഴുവൻ മരുന്നും ലഭ്യമാക്കിയ വിശദാംശങ്ങൾ ഹാജരാക്കുന്നത് വരെ ചെലവു 237456 രൂപ തടസത്തിൽ വെക്കുന്നു. ഇത്തരത്തിൽ മുൻകൂറായി തുക നല്കുമ്പോൾ സപ്ലൈ ചെയ്യുന്ന സ്ഥാപനവുമായി കരാർ ചമക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4. ആയുർവേദ മരുന്നുകൾ ലഭ്യമായില്ല

പദ്ധതി:ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ(SO0175/16-17)

നിർവ്വഹണം :മെഡിക്കൽ ഓഫീസർ (ആയുർവേദ)

ചെലവ്: 3,30,000 രൂപ MG(N.R)

ബിൽ നമ്പർ: 6/16-17 തിയതി.20-3-17

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ(SO0175/16-17) എന്ന പദ്ധതിയിൽ 3,30,000 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. മരുന്നു ലഭ്യമാക്കിയ വിശദാംശങ്ങൾ ഹാജരാക്കുന്നത് വരെ ചെലവു തുക 3,30,000 തടസത്തിൽ വെക്കുന്നു.

## 3-5. ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല

പദ്ധതി:ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ(SO031/16-17)MG(NR)

നിർവ്വഹണം :മെഡിക്കൽ ഓഫീസർ (ഹോമിയോ)

ചെലവഴിച്ചതുക:1,50,000 രൂപ MG(N.R)

ബിൽ നമ്പർ: 6/16-17 തിയതി.20-3-17

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ(SO031/16-17-MG(NR) എന്ന പദ്ധതിയിൽ 1,50,000 രൂപ ഹോംകോ,ആതിരപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല.മുഴുവൻ മരുന്നും ലഭ്യമാക്കിയ വിശദാംശങ്ങൾ ഹാജരാക്കുന്നത് വരെ ചെലവു തുക 1,50,000 രൂപ തടസത്തിൽ വെക്കുന്നു. ഇത്തരത്തിൽ മുൻകൂറായി തുക നല്കുമ്പോൾ സപ്ലൈ ചെയ്യുന്ന സ്ഥാപനവുമായി കരാർ ചമക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6. പദ്ധതി പൂർണമായും ലക്ഷ്യം കൈവരിച്ചില്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതും കായ്ഫലം കുറഞ്ഞതുമായ തെങ്ങ് മുറിച്ചു മാറ്റി അടിത്തൈ വെക്കലും ജൈവവളത്തിനു സഹായവും എന്ന പദ്ധതിയിൽ(അടങ്കൽ:815994രൂപ, ബിൽ നം.07/2016-17തി.24.3.2017) തെങ്ങു മുറിച്ചു മാറ്റലും ജൈവവള വിതരണവും പൂർത്തീകരിച്ചെങ്കിലും പദ്ധതിയുടെ ഭാഗമായ ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈ വിതരണം നാളിതു വരെ പൂർത്തിയായിട്ടില്ല. 215 ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈ വിതരണം ചെയ്യാനാണു പദ്ധതി വിഭാവനം ചെയ്യുന്നതെങ്കിലും 134 പേർക്കാണ് ഓഡിറ്റു തിയതി വരെ (31.8.2017) തൈ വിതരണം പൂർത്തിയായത്. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തൈ വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 3-7. കന്നുകുട്ടി പരിപാലന പരിപാടി - സമയപരിധിക്കകം പൂർത്തിയാക്കേണ്ടതാണ്.

നിർവ്വഹണം: വെറ്ററിനറി സർജൻ

കന്നുകുട്ടി പരിപാലന പരിപാടിയുടെ ഭാഗമായി ക്ഷീര കർഷകരിൽ നിന്നും തെരഞ്ഞെടുത്ത കന്നുകുട്ടികൾക്ക് 30 മാസം പ്രായമാകുന്നതുവരെ കാലിത്തീറ്റ ലഭ്യാക്കുന്നതിന് വാർഷിക പദ്ധതിയിൽ വികസനഫണ്ട്,സംസ്ഥാന വിഹിതം,ഗുണഭോക്തൃ വിഹിതമുൾപ്പെടെ 12.5 ലക്ഷം രൂപ വകയിരുത്തുകയും വികസനഫണ്ട് വിഹിതം 3.125 ലക്ഷം രൂപ ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘം വഴി മാസം തോറും കാലിത്തീറ്റ വിതരണം ചെയ്യുമ്പോൾ വിലയുടെ 50% ഗുണഭോക്തൃവിഹിതം വിതരണ സമയത്ത് വെറ്ററിനറി സർജൻ നേരിട്ട് ശേഖരിച്ച് ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുന്ന രീതിയാണ് സ്വീകരിക്കുന്നത്. 50 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതിൽ തുടങ്ങിയ ശേഷം ജൂൺമാസത്തിൽ മാത്രമാണ് കാലിത്തീറ്റ വിതരണം നടന്നതെന്ന് വിശദീകരിക്കുകയുണ്ടായി. പദ്ധതിയുടെ നിർവ്വഹണ പുരോഗതി യഥാസമയം മോണിറ്റർ ചെയ്ത് സമയപരിധി പാലിച്ച് പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-8. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പോരായ്മകൾ

2016-17 വർഷത്തിൽ 16 സ്പിൽ ഓവർ ഉൾപ്പെടെ 110 പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ 57 എണ്ണമാണ് പൂർത്തിയാക്കാനായത്. അംഗീകാരം വാങ്ങിയ 128 പ്രോജക്ടുകൾക്കായി മൊത്തം വാർഷിക പദ്ധതി തുകയായ 5.98 കോടി രൂപയിൽ 2.64കോടി രൂപയാണ് വകയിരുത്തിയതെന്ന് കാണുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നായി വകയിരുത്തിയ തുകയിൽ 49.7% മാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതി തുകയുടെ വലിയ ഭാഗം വകയിരുത്തുന്ന മരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും വ്യവസ്ഥാപിത നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ,സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ വീഴ്ച

വരുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. പുതിയതായി സൃഷ്ടിക്കുന്ന ആസ്തി വിവരം രജിസ്റ്ററിൽ അപ്ഡേറ്റിംഗ് നടത്തി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കാനായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗിന് നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഉപരിതലത്തിൽ ടാറിംഗിന് പകരം കോൺക്രീറ്റിംഗ് നിർവ്വഹിക്കുന്നതിന് വ്യക്തമായ കാരണം സൈറ്റ് പരിശോധന കൃത്യമായി നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് എങ്ങനെ മൊബിലൈസ് ചെയ്യുന്നുവെന്നതിനെപ്പറ്റിയോ മെറ്റീരിയൽ സംഘടിപ്പിക്കുന്നതിനെപ്പറ്റിയോ മിനട്സിൽ തീരുമാനം രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ സമയത്ത് കമ്മറ്റി യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുന്നില്ല. ഗുണഭോക്തൃസമിതികൾ കൺവീനറുടേയും ചെയർമാന്റേയും പേരിൽ തുടങ്ങിയ ജോയന്റ് എക്കൗണ്ട് വഴി പണമിടപാട് നടത്തണമെന്ന നിർദ്ദേശം നടപ്പിലാക്കിയതിന്റെ രേഖകളില്ല. ടെൻഡർ ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ച പ്രവൃത്തികളിൽ പലതും പിന്നീട് ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കാൻ ഭരണ സമിതി തീരുമാനമെടുത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഗുണഭോക്തൃ സമിതി പ്രവർത്തനത്തിൽ ബാഹ്യനിയന്ത്രണം വരാതിരിക്കാൻ കൃത്യമായ മോണിറ്ററിംഗ് ഉണ്ടാവേണ്ടതാണ്.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി

ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ ഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഇ-ടെൻഡർ നടപ്പിലാക്കാനുള്ള നിർദ്ദേശം നടപ്പിലാക്കാനായില്ല

2016-17വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടപടികളിലൂടെ നടപ്പിലാക്കാനായിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധ) നമ്പർ 53/2015/ തസ്വഭവ തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ അടങ്കൽ തുക 5 ലക്ഷവും അതിന് മുകളിലും വരുന്നവയില്ല.
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനു നിർദേശങ്ങൾ നടപ്പിലാക്കുന്നതിനു തുടർനടപടി സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.

## 3-9. വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

വാർഷിക പദ്ധതി രൂപീകരണത്തിനായി പുന:സംഘടിച്ച വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളും, തുടർന്നുള്ള വികസന സെമിനാർ യോഗവും പദ്ധതി രൂപീകരണ നടപടിക്രമങ്ങളിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

1.വർക്കിംഗ് ഗ്രൂപ്പുകൾ:

മുൻവർഷ പ്രോജക്ടുകളുടെയും സ്ഥിതിവിവര കണക്കുകളുടേയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താനാവശ്യമായ വിശദാംശം എഴുതി തയ്യാറാക്കൽ, പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ഉപദേശങ്ങൾ നൽകൽ, സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കൽ, അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് എന്നിവ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണെങ്കിലും മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളും ആദ്യയോഗം കഴിഞ്ഞ ശേഷം നിശ്ചലമാണെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി അതത് വിഷയമേഖലയിൽ ഇതിനകം സൃഷ്ടിക്കപ്പെട്ടതും ആർജ്ജിച്ചതുമായ എല്ലാ സ്ഥാവര ജംഗമ ആസ്തികളുടേയും കണക്കെടുക്കണം. നിലവിലുള്ള ആസ്തികളുടെ സംരക്ഷണം, പരിപാലനം, ഉപയോഗക്ഷമത ഉറപ്പ് വരുത്തിയ ശേഷം മാത്രമെ വീണ്ടും സമാനസ്വഭാവമുള്ളവ സൃഷ്ടിക്കാവൂയെന്ന് നിർദ്ദേശിച്ചതാണ്. പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കണക്കെടുക്കാനും പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലയായി നിർദ്ദേശിച്ചതാണ്. ബന്ധപ്പെട്ട മിനുട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണ സമയത്ത് യോഗം ചേരുന്നുണ്ടെങ്കിലും ബന്ധപ്പെട്ട മേഖലയിലുമായി ബന്ധപ്പെട്ട സ്ഥിതി കണക്കുകൾ ശേഖരിച്ച് ക്രോഡീകരണം നടത്തി അവസ്ഥാ വിശകലന റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് രൂക്ഷമായ കുടിവെള്ള ക്ഷാമമെങ്കിലും മുൻവർഷങ്ങളിൽ നടപ്പിലാക്കിയ നിരവധി കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ ബന്ധപ്പെട്ട ശുചിത്വ കുടിവെള്ള വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കുന്നതിനായി

പുതിയതായും വിപുലീകരണമായും മൂന്ന് കുടിവെള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ മുൻകാലയളവിൽ വികസനഫണ്ട് ചെലവഴിച്ച് പൂർത്തിയാക്കിയ വനിതാ വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം പരിശോധനാ വിധേയമാക്കിയില്ലായെന്ന് വ്യക്തമാകുന്നു.

ഉറവിട മാലിന്യസംസ്കരണത്തിനും പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന യൂണിറ്റിലേക്ക് വാഹനവും ഉപകരണങ്ങളും വാങ്ങുന്നതിനും യഥാക്രമം 10.8 ലക്ഷം, 14.84 ലക്ഷം രൂപ മാറ്റിവെക്കുന്നുണ്ടെങ്കിലും പ്രോജക്ട് നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉണ്ടായിട്ടില്ലായെന്ന് കാണുന്നു. യോഗങ്ങളിൽ ചെയർമാനും കൺവീനറും പങ്കെടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി രൂപീകരണ സമയത്തും തുടർന്നുള്ള നിർവ്വഹണം, മോണിറ്ററിംഗ് ഘട്ടങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിനം കാര്യക്ഷമമാക്കാനുള്ള നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.പദ്ധതി ആസൂത്രണ ഗ്രാമസഭകൾ:

പദ്ധതി ആസൂത്രണ ഗ്രാമസഭകളുടെ ചുമതലയും നടത്തിപ്പിനുള്ള നടപടിക്രമങ്ങളും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ഗ്രാമസഭയിൽ പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്, ചുമതലകൾ, മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണം, അടുത്ത വർഷത്തേക്ക് അയൽസഭ,വാർഡ് വികസന സമിതി എന്നിവ പരിശോധിച്ച വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ അവതരണം നിർബന്ധമായും ഉൾപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമസഭാ അജണ്ടയിൽ ഒരിനം മാത്രമായി വരുന്ന വാർഷിക പദ്ധതി രൂപീകരണത്തിന് അർഹമായ സമയവും ഗൗരവവും ലഭിക്കുന്നില്ലായെന്ന് നടപടിക്രമങ്ങൾ പരിശോധിച്ചാൽ വ്യക്തമാവുന്നുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുമുള്ള കരട് നിർദ്ദേശങ്ങൾ പരിശോധനാ വിധേയമാക്കാതെ തൻവർഷം നടപ്പിലാക്കേണ്ട പുതിയ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു. മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണത്തെപ്പറ്റി റിപ്പോർട്ട് ചെയ്യേണ്ട പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യം യോഗങ്ങളിലുണ്ടാവുന്നില്ല. വികസന സെമിനാറിൽ പങ്കെടുക്കേണ്ട പ്രതിനിധികളെ ഗ്രാമസഭകളിൽ തിരഞ്ഞെടുക്കുന്നില്ല. കരട് പദ്ധതി സംബന്ധിച്ച അവതരണങ്ങളെ തുടർന്ന് പരിശോധനയിൽ അംഗീകരിക്കാത്ത പ്രോജക്ട് നിർദ്ദേശങ്ങൾ, ആയതിന്റ കാരണം, ഭേദഗതി നിർദ്ദേശിച്ചതിന്റെ വിവരം, പുതിയതായി നിർദ്ദേശിച്ചവ, പ്രതീക്ഷിത ചെലവ് എന്നിവയുടെ വിവരം ഗ്രാമസഭാ മിനുട്സിൽ രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമസഭാ മിനുട്സിൽ ഇത്തരത്തിലുള്ള വിശദാംശം രേഖപ്പെടുത്തിയില്ല.

3.പദ്ധതി വികസന സെമിനാർ

ഗ്രാമസഭകൾ അംഗീകരിച്ച പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന കരട് വാർഷിക പദ്ധതി പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാടിനും മുൻഗണനകൾക്കും അനുസൃതമാണോ തയ്യാറാക്കിയതെന്ന് വികസന സെമിനാറിലാണ് പരിശോധിക്കപ്പെടുന്നത്. കരട് വാർഷിക പദ്ധതി അച്ചടിച്ച് വികസനസെമിനാറിൽ പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്തതായി രേഖയില്ല. മിനുട്സിൽ വികസന സെമിനാറിൽ പങ്കെടുത്തവർ ഏത് വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയാണെന്ന് വ്യക്തമാക്കുന്നില്ല. വികസന സെമിനാറിന്റെ മിനുട്സിൽ യോഗ നടപടിക്രമങ്ങൾ മുഴുവനായി രേഖപ്പെടുത്തിയിട്ടില്ല. വികസന സെമിനാർ മിനിട്സിൽ വിവിധ വിഷയങ്ങൾ തിരിഞ്ഞ് പരിശോധിച്ച് പഞ്ചായത്ത് ഭരണ സമിതി അംഗീകാരത്തിനായി സമർപ്പിക്കുന്ന അന്തിമ പദ്ധതിയുടെ വിശദാംശവും രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി, അനുബന്ധ ഉപപദ്ധതികളുടെ, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും, പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതി രൂപീകരണ നടപടിക്രമങ്ങളിലുണ്ടായ മേൽകാണിച്ച

അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-10. ആശ്രയ പദ്ധതി- അഗതികളുടെ പുനരധിവാസം ഫലപ്രദമായില്ല

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ നിരാശ്രയരും പാർശ്വവൽക്കരിക്കപ്പെട്ടവരും അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരുമായ അഗതികളുടെ പുനരധിവസത്തിന് ആശ്രയ പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശമുള്ളതാണ്. അഗതി കുടുംബങ്ങൾക്ക് ആവശ്യമായ ഭൂമി, പർപ്പിടം, ശുചിത്വസൗകര്യങ്ങൾ, കുടിവെള്ളം, ഭക്ഷണം, വസ്ത്രം, തൊഴിൽ, ചികിത്സ, പെൻഷൻ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിന് ആവശ്യമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയായി നിശ്ചയിച്ചതാണ്.

ഗ്രാമ പഞ്ചായത്തിൽ അഗതികളായി കണ്ടെത്തിയ 176കുടുംബങ്ങളുടെ പുനരധിവാസത്തിന് 2004-07 കാലയളവിൽ പൂർത്തിയാക്കാൻ 51.56 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയതാണ്. ഭാഗികമായി നടപ്പിലാക്കിയ ഒന്നാം ഘട്ട പദ്ധതിയെ തുടർന്ന് രണ്ടാം ഘട്ടം തയ്യാറാക്കിയിട്ടില്ല.

അംഗീകൃത പദ്ധതിയിൽ കൈവരിച്ച ഭൗതികനേട്ടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പരിചരണ സേവനങ്ങൾ | ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് | ആനുകൂല്യം നൽകിയത് |
|---|---|---|
| സ്ഥലം വാങ്ങൽ | 56 | 18 |
| ഭവനനിർമ്മാണം | 56 | - |
| വീട് റിപ്പയർ | 56 | 18 |
| ശുചിത്വസൗകര്യം | 56 | - |
| കുടിവെള്ളം | 58 | 13 |
| കറന്റ് കണക്ഷൻ | 60 | 2 |
| സ്വയം തൊഴിൽ | 48 | - |

ആശ്രയ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

1.വകയിരുത്തിയ ഫണ്ട് മുഴുവനായും ലഭ്യമാക്കാനായില്ല

ഒന്നാം ഘട്ട പദ്ധതിക്ക് വകയിരുത്തിയ 98.76 ലക്ഷം രൂപയിൽ 2016-17 ലെ ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് ചെലവ് 7 ലക്ഷം രൂപ ഉൾപ്പെടെ 52.15 ലക്ഷം രൂപ മാത്രമാണ് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമായത്. ഗ്രാമപഞ്ചായത്ത് അനുവദിക്കേണ്ട വികസന ഫണ്ട് വിഹിതത്തിൽ 35.33 ലക്ഷവും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 6ലക്ഷവും ചാലഞ്ച് ഫണ്ട് വിഹിതം 13.62 ലക്ഷവും പദ്ധതിക്ക് ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും വികസന ഫണ്ട് വകയിരുത്തിയ തുക മുഴുവനായി പദ്ധതിക്ക് വകമാറ്റുന്നതിലും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ളവ ലഭ്യമാക്കുന്നതിലും കാര്യക്ഷമമായ നടപടിയുണ്ടായിട്ടില്ല. വകയിരുത്തിയ തുക മുഴുവനായും നേടിയെടുക്കുന്നതിൽ കുടുംബശ്രീ,പഞ്ചായത്ത് ഭരണ സമിതികളുടെ കൃത്യമായ മേൽനോട്ടം ആവശ്യമാണ്.

2.പദ്ധതിയുടെ നടത്തിപ്പ് ഫലപ്രദമായില്ല

അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, പാർപ്പിടം, ശുചിത്വ സൗകര്യം,കുടിവെള്ളം,വൈദ്യുതി കണക്ഷൻ എന്നീ സേവനങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശമാണ് പത്രികയിൽ ചേർത്തത്. ഒന്നാംഘട്ട പദ്ധതിയിൽ 56 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനും ശുചിത്വ സൗകര്യത്തിനും ഫണ്ട്

വകയിരുത്തിയതിൽ ഒരു കുടുംബത്തിന് പോലും ആനുകൂല്യം നൽകാനായില്ല. പദ്ധതിയുടെ ഭാഗമായി സ്ഥലം വാങ്ങി നൽകിയ കുടുംബങ്ങൾക്ക് മറ്റുള്ള സ്കീമിലുൾപ്പെടുത്തി വീട് നൽകാനായോയെന്ന കാര്യം വിശദീകരിക്കാനായില്ല. അഗതി കുടുംബങ്ങൾക്ക് നിഷേധിക്കപ്പെട്ട സേവനങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ലക്ഷ്യമിട്ട പദ്ധതി അതേ രീതിയിൽ നടപ്പിലാകുന്നതിന് സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

3. വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം പരിശോധിക്കാനായില്ല

ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ, മെഡിക്കൽ ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ അംഗങ്ങളായുള്ള ഉപസമിതി പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. വിലയിരുത്തൽ സമിതിയുടെ മിനിട്സ് പരിശോധനക്ക് ലഭ്യമായിട്ടില്ല. പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനവും നിരീക്ഷിക്കുന്നതിനായിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള വിലയിരുത്തൽ സമിതിയുടെ റിപ്പോർട്ട് പഞ്ചായത്ത് ഭരണ സമിതിയുടെ യോഗത്തിൽ പരിശോധിച്ചതായി ഭരണ സമിതിയുടെ മിനുട്സിൽ നിന്നും വ്യക്തമല്ല. രണ്ടാം ഘട്ട പദ്ധതി തയ്യാറാക്കുന്നതിന്റെ പുരോഗതിയും പരിശോധിക്കാനായിട്ടില്ല. രണ്ടാം ഘട്ട പദ്ധതി തയ്യാറാക്കുന്നതിലും പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിലും പഞ്ചായത്ത് ഭരണ സമിതിയുടെ കൃത്യമായ മേൽനോട്ടമുണ്ടാവേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ഇല്ല

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഉദ്യോഗസ്ഥൻ | രശീതി നം/തിയതി |
|---|---|---|---|---|
| 2011-12, 2012-13 | 2(1)(3) | 150 | ഷിബി,ഓഫീസ് അറ്റന്റന്റ്. | 11603103316, 04/10/2016 |
| | 8580/സ്പെഷ്യൽ | 5000 | ശ്രീമതി ഗിരിജ | 11603103302, |

| | | | | |
|---|---|---|---|---|
| | സെൽ/എസ്.സി.ഡി1/2012 നം. ചാർജ് നോട്ടീസ് | | (റിട്ട.സെക്രട്ടറി) | 22/03/2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2003-04 | പൊതു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | മരംലേലം | തടസ്സം ഒഴിവാക്കാൻ ബഹു. നിയമസഭാ സമിതിയോട് ശുപാർശചെയ്തിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43267669 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 37786659 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4107990 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1.അബ്ദുൾ സത്താർ -4,34,250/-<br>2.ജി.വി.വിനോദ്കുമാർ9,37,864/-<br>3.എസ്.സുരേഷ്ബാബു-4,81,612/-<br>4.പ്രീതി.കെ.എം. 1,36,808/-<br>19,90,534<br>------------- | സെക്രട്ടറി,കല്പകഞ്ചേരി ഗ്രാ.പ |
| 3-2 | 1400,000 | ശ്രീമതിഅംബിക,വി.ഇ.ഒ |

| | | |
|---|---|---|
| 3-3 | 237456 | ഡോ: ബബിത മുഹമ്മദ്<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |
| 3-4 | 330000 | ഡോ.നൗഫൽ പി,<br>മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) |
| 3-5 | 150000 | ഡോ. ബിന്ദു<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) |
| ആകെ | 4107990 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90മുതൽ1990-91വരെ | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |
| 2002-03 | | |
| 2003-04 | | |
| 2005-06 | എൽഎഫ്.എം.11/783/10 , തീ. 30-10-10 | 6 |
| 2006-07 | എൽഎഫ്.എം.11/784/10 , തീ. 30-10-10 | 11 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 11-11-10 | 14 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-5-12 | 14 |
| 2005-06 | എൽ.എഫ്.എം.15/783/10, തീ. 21-5-12 | 6 |
| 2006-07 | എൽ.എഫ്.എം.15/784/10, തീ. 21-5-12 | 11 |

| | | |
|---|---|---|
| 2008-09മുതൽ2010-11വരെ | എൽ.എഫ്.എം.15/196/13 തീ. 3-3-13 | 19 |
| 2011-12 മുതൽ2012-13വരെ | കെ.എസ്.എ.എം.പി.എം.15/3065/15, തീ. 02-02-16 | 12 |
| 2013-14 to 2014-15 | കെ.എസ്.എ.എം.പി.എം.15/2139/16, തീ. 09-08-16 | 30 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം15/3269/2016 തി.31-01-2017 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.10/2043/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

dompm.ksad@kerala.gov.in

തീയ്യതി -01-11-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE

No. KSA/MPM/10/2043/2017

Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:01-11-2017

Certified that I have audited the Annual Financial Statement of Kalpakanchery Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kalpakanchery Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram